**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** | **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആശയങ്ങളെ ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും സംരംഭകരെ പ്രാപ്തരാക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷന് കീഴിൽ ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു ആശയങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്നതിനു ഉൽപ്പന്നങ്ങളെ മികച്ചതാക്കി വിപണിയിൽ എത്തിച്ചു മികച്ച സംരംഭങ്ങൾ ആക്കുന്നതിനുമുള്ള സഹായം നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>ഈ പദ്ധതിയുടെ ഘടകങ്ങൾ ചുവടെ കാണാവുന്നതാണ്,<br><br>1. ഐഡിയ ഗ്രാന്റ് - ആശയ രൂപീകരണത്തിനു വികസനത്തിനുമായി ഇന്നവേറ്റർമാർക്കു സ്റ്റാർട്ടപ്പുകൾക്കും 3 ലക്ഷം രൂപ വരെയും വിദ്യാർത്ഥികൾക്ക് ആശയ വിപുലീകരണത്തിനായി 2 ലക്ഷം രൂപ വരെയും ധനസഹായമായി ഈ പദ്ധതിയിലൂടെ ലഭ്യമാക്കും.<br><br>2. പ്രൊഡക്റ്റൈസേഷൻ ഗ്രാന്റ് – ആദ മാതൃകകളെ ഉല്പന്നമാക്കി മാറ്റുന്നതിന സ്റ്റാർട്ടപ്പുകൾക്ക് 4 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം രൂപ ലഭിക്കാത്തവർക്ക് അത ഉൾപ്പെടെ പരമാവധി 7 ലക്ഷം രൂപ വരെ).<br><br>3. മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് - വിപണി കണ്ടെത്തി വികസനത്തിനായി സ്റ്റാർട്ടപ്പുകൾക്കു 3 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം പ്രോഡക്റ്റൈസേഷൻ ഗ്രാന്റായ 4 ലക്ഷം |

| | | | |
|---|---|---|---|
| | | | എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെ പരമാവധി 10 ലക്ഷം രൂപ വരെ).<br><br>4. സ്കെയിൽ അപ്പ് ഗ്രാന്റ് - വിപണന വിപുലീകരിച്ച് പൂർണ തോതിലുള്ള കമ്പനിയായി മാറുന്നതിനു സ്റ്റാർട്ടപ്പുകൾക്ക് 5 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്ന പദ്ധതി (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം, മാർക്കറ്റ് ആക്സിലേറേഷൻ ഗ്രാന്റായ 3 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക അത് ഉൾപ്പെടെ പരമാവധി 15 ലക്ഷം രൂ വരെ)<br><br>5. R&D ഗ്രാന്റ് - നൂതനത സാങ്കേതികത എന്നിവയിലൂടെ പുതിയ ഉത്പന്നങ്ങൾ സേവനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാർട്ടപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് നല്കുന്ന 30 ലക്ഷം രൂപ വരെയുള്ള ധനസഹായം. ഐഡിയ, പ്രോഡക്ടൈസേഷൻ മാർക്കറ്റ് ആക്സസ്, സ്കെയിൽ അ എന്നീ ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത കുറച്ചിട്ടാണ് R&D ഗ്രാന്റ് ലഭ്യമാക്കുക.<br><br>ഇതു കൂടാതെ, വനിതകൾക്കു ഭിന്നലിംഗക്കാർക്കും പ്രത്യേക പരിഗണന നൽകി 5 ലക്ഷം രൂപ വരെ ധനസഹായമായി ലഭ്യമാക്കുന്നുണ്ട് (ഐഡിയ ഗ്രാന്റായ 3 ലക്ഷം, പ്രോഡക്ടൈസേഷൻ ഗ്രാന്റായ 4 ലക്ഷം എന്നിവ ലഭിക്കാത്തവർക്ക് അത് ഉൾപ്പെ പരമാവധി 12 ലക്ഷം രൂപ വരെ). |
| (ബി) | ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന ഐഡിയ ഗ്രാന്റ് സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | ആശയ വിപുലീകരണത്തിനും ആദ്യ മാതൃക സൃഷ്ടിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക കോളേജുകളിൽ സ്ഥാപിതമായ Innovation & Entrepreneurship Development Centre (IEDC) കൾ വഴി 2 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതിയാണ് ഐഡിയ ഗ്രാന്റ് പദ്ധതി. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ ഏഴ് വർഷം കൊണ്ട് സ്റ്റാർട്ടപ്പ് മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്ത് കഴിഞ്ഞ 7 വർഷം കൊണ്ട സ്റ്റാർട്ടപ്പ് മേഖലയിൽ മികച്ച പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. 2016 ൽ സ്റ്റാർട്ടപ്പുകളുടെ എണ്ണം 300 ആയിരുന്നത നിലവിൽ 4679 ആയി വർധിച്ചിട്ടുണ്ട്. ഓരോ |

| | | | |
|---|---|---|---|
| | | | വർഷവും സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങളും അതിലൂടെ ലഭ്യമായ ഫലങ്ങളു അവലോകനം ചെയ്യുന്ന ‘സ്റ്റേറ്റ് ഓഫ് കേര സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട് പുറത്തിറക്കുന്നുണ്ട്. ആയത് സ്റ്റാർട്ടപ്പ് മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ